ഡി-1/15905/എസ്.ടി.എ/2010

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തൈക്കാട്, പി.ഒ,
വഴുതക്കാട്, തിരുവനന്തപുരം -14,
ഫോൺ : 0471 – 2333317, 2333337,
ഫാക്സ് : 0471 – 2333314.
ഇ-മെയിൽ : tcoffice@keralamvd.gov.in

തീയതി. 30/09/2010

## സർക്കുലർ നം 08/2010

വിഷയം : - മോട്ടോർ വാഹന വകുപ്പ് – വാഹന പരിശോധന നടത്തുമ്പോൾ പാലിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

വാഹന പരിശോധന സംബന്ധിച്ച് ഓപ്പറേറ്റർമാരും വാഹനങ്ങളിലെ ജീവനക്കാരും പരാതികൾ ഉന്നയിക്കുന്ന സാഹചര്യത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വാഹന പരിശോധന നടത്തുമ്പോൾ ഒരു സമയത്ത് ഒരു വാഹനം മാത്രം പരിശോധിക്കണം. വാഹനങ്ങൾ സിഗ്നൽ നൽകി നിർത്തിയതിനു ശേഷം ഗതാഗതം തടസ്സപ്പെടാത്ത വിധം നിർത്തുവാൻ നിർദ്ദേശം നൽകേണ്ടതാണ്. വാഹനങ്ങൾ വരിയായി നിർത്തിയിട്ട് ഗതാഗതം തടസ്സപ്പെടുത്തുവാൻ ഇടവരുത്തരുത്.
2. ഉദ്യോഗസ്ഥൻ വാഹനത്തെ സമീപിച്ച് പരിശോധന നടത്തേണ്ടതാണ്. യാതൊരു കാരണവശാലും രേഖകളുമായി ഉദ്യോഗസ്ഥന്റെ സമീപത്തേക്ക് എത്തുവാൻ നിർദ്ദേശം നൽകുവാൻ പാടില്ല.
3. പരിശോധനയിൽ നിയമലംഘനങ്ങൾ കണ്ടെത്തിയാൽ കുറ്റക്കാരോട് വീഴ്ച എന്താണെന്ന് വിശദീകരിക്കുകയും പിഴ അടയ്ക്കുവാൻ തയ്യാറാണോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കുറ്റക്കാരോട് മാന്യമായി പെരുമാറേണ്ടതാണ്.
4. ഗുരുതരമായ വീഴ്ച വരുത്തുന്നവർക്ക് deterrent punishment നൽകേണ്ടതും ലഘുവായ വീഴ്ചകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി താക്കീത് ചെയ്ത് വിട്ടയക്കേണ്ടതുമാണ്. നിയമങ്ങളേയും ചട്ടങ്ങളേയും സംബന്ധിച്ച് അറിവില്ലാത്തതാണ് ക്രമക്കേടുകൾക്ക് കാരണമെന്നതിനാൽ പര്യാപ്തമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
5. കുറ്റകൃത്യങ്ങൾ കോമ്പൗണ്ട് ചെയ്യുകയാണെങ്കിൽ TR-5 രശീതിയിൽ നിയമലംഘനം എന്താണെന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ് (നിയമത്തിലെ ചട്ടവും റൂളും ഉൾപ്പെടെ).
6. ഇരുചക്രവാഹനങ്ങളുടെ പരിശോധനയിൽ ഹെൽമെറ്റ് ധരിക്കാത്തതിന് ചെക്ക് റിപ്പോർട്ട് നൽകുകയോ കോമ്പൗണ്ട് ചെയ്യുകയോ ആണെങ്കിൽ TR-5 രശീതിയിൽ / ചെക്ക് റിപ്പോർട്ടിൽ ഡ്രൈവിംഗ് ലൈസൻസിന്റെയും വാഹനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ചുമുള്ള വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
7. വാഹനങ്ങൾ പിടിച്ചെടുക്കേണ്ടി വരികയാണെങ്കിൽ വാഹനത്തിലെ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്. യാത്ര പൂർത്തിയാക്കിയതിന് ശേഷം പിടിച്ചെടുക്കൽ നിർവഹിക്കുക. അല്ലെങ്കിൽ യാത്ര തുടരുവാനുള്ള പകരം സംവിധാനം ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ചരക്ക് വാഹനങ്ങളാണെങ്കിൽ ചരക്കിന്റെ ഉടമസ്ഥന് സാമ്പത്തിക നഷ്ടവും ഇതര ബുദ്ധിമുട്ടുകളും ഉണ്ടാവാത്ത വിധത്തിൽ പിടിച്ചെടുക്കൽ നിർവഹിക്കേണ്ടതാണ്. വാഹന പരിശോധന നടത്തുമ്പോൾ തുടർനടപടികൾ ആവശ്യമായ കുറ്റകൃത്യങ്ങൾ കണ്ടെത്തിയാൽ ചെക്ക് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ചെക്ക് റിപ്പോർട്ടുകൾ വ്യക്തമായി വായിക്കുവാൻ കഴിയുന്ന വിധത്തിലും ആവശ്യമായ വിശദാംശങ്ങൾ ചേർത്ത്

ശ്രദ്ധയോടെയും തയ്യാറാക്കേണ്ടതാണ്. വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ വ്യക്തമായി വലിയ അക്ഷരത്തിലും അക്കത്തിലും രേഖപ്പെടുത്തേണ്ടതാണ്. വാഹനത്തിന്റെ വിവരങ്ങൾ (മേക്ക്, വെഹിക്കിൾ ക്ലാസ്) ചുരുക്കെഴുത്ത് ഒഴിവാക്കി വ്യക്തമായും പൂർണ്ണമായും രേഖപ്പെടുത്തേണ്ടതാണ്. പരിശോധന സ്ഥലം വ്യക്തമായി പരാമർശിക്കേണ്ടതാണ്. പരിശോധന നടത്തിയ റോഡും ഇതര വിശദാംശങ്ങളും ഉൾപ്പെടുത്തുക.

ഉദാഹരണം : - 1). തിരുവനന്തപുരം — നാഗർകോവിൽ റോഡിൽ തിരുവനന്തപുരത്തു നിന്നും 4.5 കി.മീ. ദൂരത്ത്.

2). പാലക്കാട് — കോഴിക്കോട് ദേശീയ പാതയിൽ കൊണ്ടോട്ടി ജംഗ്ഷനിൽ വച്ച്.

8. സമയം, തീയതി, വാഹന ഉടമസ്ഥന്റെ / പെർമിറ്റ് ഉടമസ്ഥന്റെ പൂർണ്ണമായ മേൽവിലാസം ( ഫോൺ നമ്പർ, പിൻ കോഡ്, പോസ്റ്റ് ഓഫീസ് ഉൾപ്പെടെ) രേഖപ്പെടുത്തുക. ചെക്ക് റിപ്പോർട്ട് ഫാറത്തിൽ മുഴുവൻ വിവരങ്ങളും ആധികാരികമായി രേഖപ്പെടുത്തുക.

9. കണ്ടെത്തുന്ന പോരായ്മകൾ അക്കമിട്ട് വ്യക്തമായി രേഖപ്പെടുത്തുക. പരിശോധന ഉദ്യാഗസ്ഥൻ ഒപ്പ് വയ്ക്കുകയും പേരും അധികാരപ്പേരും **'SMART-MOVE'** ID യും ഓഫീസും രേഖപ്പെടുത്തുക.

10. ദീർഘദൂര കോണ്ട്രാക്ട് ക്യാരേജുകളും അന്തർ സംസ്ഥാന സർവ്വീസുകളും ലഘുവായ വീഴ്ചകൾക്ക് പിടിച്ചെടുക്കുവാൻ പാടുള്ളതല്ല. സ്റ്റേജ് ക്യാരേജുകളിലെ യാത്രക്കാർക്ക് ബുദ്ധിമുട്ടാവാത്ത വിധം പരിശോധന നിർവഹിക്കേണ്ടതാണ്.

11. സ്പീഡ് ട്രേസർ, സ്പീഡ് റഡാർ, സ്മോക്ക് മീറ്റർ, ബ്രെത്ത് ആൾക്കഹോൾ അനലൈസർ, റിഫ്ലക്ടീവ് ബാറ്റൺ, റിഫ്ലക്ടീവ് ജാക്കറ്റ് തുടങ്ങിയ യന്ത്രസംവിധാനങ്ങൾ ലഭ്യമായ സ്ഥലങ്ങളിലെല്ലാം പരിശോധനയ്ക്ക് നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്.

12. ചെക്ക് റിപ്പോർട്ട് പ്രകാരം കോമ്പൗണ്ട് ചെയ്ത് തുക ഒടുക്കുവാനോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനോ നിർദ്ദേശിക്കുകയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഓഫീസ് മേൽവിലാസവും ഉദ്യോഗസ്ഥൻ ഓഫീസിൽ ഉണ്ടാകുന്ന സമയവും നൽകേണ്ടതാണ്. ഇത്തരത്തിൽ ഓഫീസിൽ എത്തുന്നവർ കാത്തുനിൽക്കുന്നില്ലായെന്ന് അതാത് ഡി.ടി.സി മാരും ആർ.ടി.ഓ മാരും ഉറപ്പ് വരുത്തേണ്ടതാണ്.

വ്യവസായ സംരംഭകരേയും സ്വയം തൊഴിൽ കണ്ടെത്തുന്നവരേയും പ്രോത്സാഹിപ്പിക്കേണ്ടത് രാഷ്ട്രത്തിന്റെ സാമ്പത്തിക അഭിവൃദ്ധിക്ക് അനിവാര്യമായതിനാൽ വാഹന പരിശോധന ട്രാൻസ്പോർട്ടർമാരെയും തൊഴിലാളികളേയും ബുദ്ധിമുട്ടിക്കാതെ നിർവഹിക്കേണ്ടതാണ്.

ഒപ്പ്
**ട്രാൻസ്പോർട്ട് കമ്മീഷണർ**

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.

05/10/2010

സ്വീകർത്താക്കൾ,

എല്ലാ ഡി.റ്റി.സി മാരും,എല്ലാ ആർ.ടി,ഓ മാരും,എല്ലാ ജോയിൻറ് ആർ.ടി.ഒ മാരും

പകർപ്പ്- ട്രാൻ.കമ്മീഷണറുടെ സി.എ,സീനിയർ ഡി.റ്റി.സി & സെക്രട്ടറി എസ്.റ്റി.എ. യുടെ സി എ, സീനിയർ ഡി.റ്റി.സി(ട്രാൻസ്ലേഷൻ)ൻെറ സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,സീനിയർ ഫൈനാൻസ് ഓഫീസർ,സീനിയർ ലാ ഓഫീസർ,അസിസ്റ്റൻറ് ട്രാൻ.കമ്മീഷണർ/വെബ് ഇൻഫർമേഷൻ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ,അസിസ്റ്റൻറ് സെക്രട്ടറി.എസ്.റ്റി.എ.